(ബി) മരുന്ന കമ്പനികളുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനികളിൽ നിന്നും നേരിട്ട് വിലപേശി മരുന്ന് വാങ്ങി സംഭരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിവഴി പൊതുജനങ്ങളിൽ എത്തിക്കുന്നു. ഏതെങ്കിലും ഫാർമസികളിൽ മരുന്നുകളുടെ ലഭ്യതക്കുറവ് വരുമ്പോൾ മറ്റേതെങ്കിലും കാരുണ്യ മെഡിസിൻ ഡിപ്പോകളിൽ നിന്നോ, കാരുണ്യ ഫാർമസികളിൽ നിന്നോ മരുന്ന് എത്തിച്ച് കുറവ് നികത്താറുണ്ട്.

പനികൾ ബാധിച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ

34(723) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പനികൾ ബാധിച്ച് എത്രപേർ മരണപ്പെട്ടെന്ന് വിശദമാക്കുമോ;

(ബി) പനി ബാധിച്ച് മരിക്കുന്നതിന് പ്രധാന കാരണങ്ങളായി കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കുമോ;

(സി) ഇത്തരം പനികൾ പ്രതിരോധിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) 1. പ്രമേഹം, ഹൃദ്രോഗം, കരൾ രോഗങ്ങൾ, വൃക്കരോഗങ്ങൾ പോലുള്ള മറ്റ് ഗുരുതര രോഗങ്ങൾ ഉള്ളവർക്ക് വൈറൽ പനി ബാധിച്ചാൽ മരണത്തിന് കൂടുതൽ സാധ്യതയുള്ളതായി കണ്ടുവരുന്നു.

2. കൃത്യമായ ചികിത്സ തേടുന്നതിലും ലഭ്യമാക്കുന്നതിലും വരുന്ന കാലതാമസവും ഒരു പരിധിവരെ കാരണമായി കാണുന്നു.

3. പ്രായാധിക്യവും രോഗ പ്രതിരോധ ശേഷി കുറഞ്ഞ അവസ്ഥയും ഉള്ളവരെ വൈറൽ പനി ബാധിച്ചാൽ മരണത്തിനുള്ള സാദ്ധ്യത താരതമ്യേന കൂടുതലായി കണ്ടുവരുന്നു.

(സി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഒരു വർഷം നീണ്ടു നില്ക്കുന്ന കർമ്മ പരിപാടി തയ്യാറാക്കി ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- മഴക്കാല പൂർവ്വ ശുചീകരണത്തിനും, കൊതുക് നിയന്ത്രണത്തിനും, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള കാമ്പെയിനുകൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു.
- രോഗം പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കണ്ടുപിടിക്കാൻ രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം തുടങ്ങിയവ നടത്തി വരുന്നു.
- രോഗചികിത്സയും രോഗ പരിചരണത്തിനുമുള്ള സജ്ജീകരണങ്ങൾ ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്.
- ആവശ്യാനുസരണം ഉദ്യോഗസ്ഥരെ വിന്യസിച്ചു
- മരുന്ന്, അനുബന്ധ സാമഗ്രികൾ, കൊതുക് നശീകരണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കി.
- രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ജില്ലാതലത്തിൽ ദ്രുതകർമ്മ സേന സന്ദർശിച്ച് രോഗ നിയന്ത്രണം ത്വരിതപ്പെടുത്തി.
- പൊതുജനാരോഗ്യ നിയമങ്ങളും മറ്റ് നിയമങ്ങളും അനുസരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ തുടങ്ങിയവ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ചു.

ചികിത്സ ലഭിക്കാതെ മരണം

35(724) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015 സെപ്റ്റംബർ 15-ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിഖിൽ എന്ന വിദ്യാർത്ഥി മരണപ്പെട്ടത് ചികിത്സ ലഭിക്കാതെയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിഖിലിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നല്കുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly